# മയിൽപ്പീലി അക്ഷര മധുരം

പ്രിയ ബന്ധു,

കുട്ടികൾ നാളെയുടെ വാഗ്ദാനങ്ങളാണ്.
അവരിലാണ് നമ്മുടെ പ്രതീക്ഷ. അവർ നാടിന്റെ സംസ്കാരവും പൈതൃകവും സംസ്കൃതിയും അറിഞ്ഞു വളരണം.

വിനോദത്തിനും വിജ്ഞാനത്തിനുമൊപ്പം സംസ്കാരവും നമ്മുടെ കുട്ടികൾക്ക് ലഭിയ്ക്കണം.
സാമൂഹ്യപ്രതിബദ്ധതയുള്ളവരായി അവർ വളർന്നു വരണം.
ഇന്നത്തെവിദ്യാഭ്യാസ പദ്ധതിയിൽ ഈ കാര്യങ്ങൾക്ക് ഏറെയൊന്നും പ്രാധാന്യം നൽകപ്പെടുന്നില്ല

എന്ന കാര്യം ഏവർക്കും അറിയാവുന്നതാണ്. ഈ രംഗത്ത് ചിലത് ചെയ്യാനുണ്ടെന്നു മയിൽപ്പീലി കരുതുന്നു.

സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ അവഗണിയ്ക്കപ്പെടുന്ന അനവധി കുട്ടികൾ നമുക്കു ചുറ്റുമുണ്ട്. പൊതു വിദ്യാലയങ്ങൾ പിന്നോക്ക കോളനികൾ അനാഥമന്ദിരങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലുള്ള ഇത്തരം കുട്ടികൾക്ക് സാംസ്കാരിക വിദ്യാഭ്യാസത്തിന്റെ വെളിച്ചമെത്തിയ്ക്കാൻ **മയിൽപ്പീലി അക്ഷര മധുരം** എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിരിക്കുന്നു.

ഉദാരമതികളായ വ്യക്തികൾക്ക് 2000 രൂപ നല്കി ഈ പദ്ധതിയുടെ പ്രായോജകരാവാം.
നിർദ്ദേശിക്കുന്ന സ്ഥാപനത്തിലെ പത്തു കുട്ടികൾക്ക് ഒരു വർഷം മയിൽപ്പീലി മാസികയും,
മയിൽപ്പീലി യംഗ് സ്കോളർഷിപ്പ് പരീക്ഷയ്ക്കിരിക്കാനുള്ള അവസരവും ഇതുവഴി ലഭിക്കും.

നമ്മുടെ സന്തോഷ വേളകൾ കൂടുതൽ ധന്യമാക്കാൻ അവഗണിയ്ക്കപ്പെടുന്ന കുട്ടികൾക്കായി അക്ഷര മധുരം പദ്ധതിയുടെ ഭാഗമാവാൻ സ്നേഹപൂർവ്വം ക്ഷണിയ്ക്കുന്നു.

**കെ.എൻ സജികുമാർ**
**മാനേജിംഗ് എഡിറ്റർ, മയിൽപ്പീലി**